**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ശ്രീ. പ്രദീപ് കുമാർ പി.എ സൂപ്രണ്ട് കോഴിക്കോട് കോർപ്പറേഷൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽചെയ്ത O.A No. 1758/2016 ലെ 04/08/2016 ലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.3221/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.11.2016

പരാമർശം :
1. നഗരകാര്യ ഡയറക്ടറുടെ 22.07.2016 തിയതിയിലെ ഇ 6- 16357/16 നമ്പർ ഉത്തരവ് .
2. ശ്രീ. പ്രദീപ് കുമാർ പി.എ സൂപ്രണ്ട് കോഴിക്കോട് കോർപ്പറേഷൻ സർക്കാരിൽ സമർപ്പിച്ച 01.08.2016 ലെ അപ്പീൽ അപേക്ഷ.
3. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം. 1758/2016 ലെ 04.08.2016 തീയതിയിലെ വിധിന്യായം.
4. നഗരകാര്യഡയറക്ടറുടെ 01.10.2016,16.11.2016 തീയതിയികളിലെ ഇ 6-20044/2016 നം. കത്തുകൾ.

**ഉത്തരവ്**

പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ മുനിസിപ്പൽ കോമൺ സർവ്വീസിലെ സൂപ്രണ്ട് തസ്തികയിൽ ട്രാൻസ്ഫറും പ്രമോഷനും നടത്തി. തന്നെ ഈ ഉത്തരവിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷനിലേയ്ക്ക് ട്രാൻസ്ഫർ നൽകിയില്ലയെന്ന കാരണത്താൽ ഈ ഉത്തരവിനെതിരെ കോഴിക്കോട് നഗരസഭയിലെ സൂപ്രണ്ട് ശ്രീ. പ്രദീപ് കുമാർ പരാമർശം 2 പ്രകാരം സർക്കാരിന് അപ്പീൽഹർജി സമർപ്പിച്ചു. താൻ പലപ്പോഴായി തൃശൂർ, കൊച്ചി, നെടുമങ്ങാട്, മഞ്ചേരി, കാഞ്ഞങ്ങാട്, തിരൂർ നഗരസഭകളിൽ സ്ഥലം മാറ്റപ്പെട്ട് സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നും, 2007 ൽ ഹൃദയ സംബന്ധമായ സർജറി വേണ്ടി വന്നത് കാരണം അതിന്റെ ചികിത്സയിലാണെന്നും, 2013- ൽ ഒരു വാഹനാപകടത്തെ

തുടർന്ന് പരസഹായം കൂടാതെ നടക്കുവാൻ കഴിയാത്ത സ്ഥിതിയാണെന്നും, ആയതിനാൽ തിരുവനന്തപുരം നഗരസഭയിൽ നിലവിൽ വരുന്ന സൂപ്രണ്ട് തസ്തികയിൽ തന്നെ നിയമിക്കണമെന്നും അപ്പീൽ പ്രകാരം ശ്രീ. പി.എ. പ്രദീപ് കുമാർ അപേക്ഷിച്ചു.

2. മേൽപ്പറഞ്ഞ അപ്പീൽ സംബന്ധമായി ശ്രീ. പ്രദീപ് കുമാർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.നം. 1758/2016 ഫയൽ ചെയ്തു. ആയതിൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം 3 ലെ വിധിന്യായത്തിൽ ഹർജിക്കാരന്റെ Annexure 10 റെപ്രസെന്റേഷനിൽ വിധിന്യായം ലഭിച്ച് 6 ആഴ്ചകൾക്കകം നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചു.

3. മേൽ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ടുകൾ സഹിതം സർക്കാർ വിശദമായി പരിശോധിച്ചു ശ്രീ. പ്രദീപ് കുമാറിന്റെ 23 വർഷം 8 മാസത്തെ സേവനകാലയളവിൽ 20 വർഷവും 3 മാസവും തിരുവനന്തപുരം നഗരസഭയിൽത്തന്നെയാണ് ടിയാൻ ജോലി നോക്കിയത്. തിരുവനന്തപുരം നഗരസഭയിൽ ഹെഡ്ക്ലാർക്ക്/റവന്യു ഓഫീസർ തസ്തികയിൽ ജോലി നോക്കി വരവേ സൂപ്രണ്ട് തസ്തികയിൽ പ്രോമോഷൻ നൽകിയാണ് 05.03.2016-ൽ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് കോഴിക്കോട് നഗരസഭയിൽ ടിയാന് നിയമനം നൽകിയത്.

4. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 20 വർഷവും 3 മാസവും തുടർച്ചയായി തിരുവനന്തപുരം നഗരസഭയിൽത്തന്നെ തുടർന്ന ശ്രീ. പി.എ. പ്രദീപ്കുമാറിനെ ഇനി വരുന്ന തിരുവനന്തപുരം നഗരസഭയിലെ ഒഴിവിൽത്തന്നെ വീണ്ടും നിയമിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നത് ഉചിതമല്ലായെന്ന് കാണുന്നു ആയതിനാൽ ശ്രീ. പ്രദീപ് കുമാറിന്റെ പരാമർശം 2 ലെ അപ്പീലിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

5. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3 ലെ വിധിന്യായത്തിലെ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൽ കലാം എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ശ്രീ. പ്രദീപ് കുമാർ പി.എ സൂപ്രണ്ട്, കോഴിക്കോട് കോർപ്പറേഷൻ

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ